Kudumbashree
State Poverty Eradication Mission
Local Self Govt.Department, Govt.of Kerala

1152/ഡി /2016/കെ.എസ്.എച്ച്.ഒ 25/08/2017

പ്രേഷകൻ
എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ

സ്വീകർത്താവ്
പ്രിൻസിപ്പൽ സെക്രട്ടറി
തദ്ദേശസ്വയംഭരണ വകുപ്പ്
ഗവ. സെക്രട്ടറിയറ്റ്, തിരുവനന്തപുരം

സർ,

വിഷയം: കുടുംബശ്രീ - മൈക്രോ സംരംഭ മേഖല നേരിടുന്ന പ്രതിസന്ധി - കുടുംബശ്രീ സംരംഭങ്ങൾക്ക് മുൻഗണ നൽകുന്നത് - സംബന്ധിച്ച്

സൂചന: 1. 24/10/2000 ലെ ഇൻഫർമേഷൻ ടെക്നോളജി ഡിപ്പാർട്ട്മെന്റിന്റെ 11866/ഐറ്റി2/2000/ഐറ്റിഡി നമ്പർ സർക്കുലർ
2. സ.ഉ.(സാധാ) നം. 07/2017/എസ്പിഡി തീയതി 04/02/17

കുടുംബശ്രീയുടെ നേതൃത്വത്തിലുള്ള ഉപജീവന വികസന പദ്ധതിയിൽ ഒരു പ്രധാന ഘടകമാണ് സൂക്ഷ്മ സംരംഭങ്ങൾ. 18 നും 50 നും മധ്യേപ്രായമുള്ള അയൽക്കൂട്ട അംഗങ്ങൾക്ക് വരുമാനദായക പ്രവർത്തനമെന്നോണം 2002 മുതൽ കുടുംബശ്രീ പ്രോത്സാഹിപ്പിച്ചു വരുന്ന മേഖലയാണിത്. വ്യക്തിഗത/ഗ്രൂപ്പ് സംരംഭങ്ങളായി തങ്ങളുടെ കഴിവിനും അഭിരുചിക്കും അനുസരിച്ച് അയൽക്കൂട്ടാംഗങ്ങൾ/കുടുംബാംഗങ്ങൾ സംരംഭ മേഖല തെരഞ്ഞെടുക്കുകയും ബ്ാങ്ക് ലോണും കുടുംബശ്രീയുടെ സാമ്പത്തിക സഹായവും നേടി സംരംഭം ആരംഭിക്കുകയുമാണ് പതിവ്.

തങ്ങളുടെ സംരംഭത്തിന് അനുസൃതമായി വിപണി സ്വയം കണ്ടെത്തുകയും ആവശ്യമായ സാഹചര്യങ്ങളിൽ കുടുംബശ്രീ മിഷന്റെ പിന്തുണ തേടുകയും ചെയ്യുന്നുണ്ട്. സേവന മേഖലയിലുള്ള സംരംഭങ്ങൾക്ക് വിവിധ സർക്കാർ വകുപ്പുകളിൽ നിന്നും പിന്തുണാസഹായം ലഭ്യമാക്കുന്നതിനുള്ള നടപടി കുടുംബശ്രീ മിഷൻ സ്വീകരിക്കാറുണ്ട്. കുടുംബശ്രീ യൂണിറ്റുകൾക്ക്

മുൻഗണന ലഭ്യമാക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ പ്രത്യേക ഉത്തരവുകൾ ചില മേഖലകളിൽ പുറപ്പെടുവിച്ചിട്ടുണ്ട്. സൂചന (1) പ്രകാരം കുടുംബശ്രീ ഐ.റ്റി യൂണിറ്റുകൾക്കുവേണ്ടിയും സൂചന (2) പ്രകാരം തയ്യൽ യൂണിറ്റുകൾക്കു വേണ്ടിയും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവുകൾ ലഭിച്ചതു കാരണം പ്രസ്തുത മേഖലയിലെ സംരംഭകർക്ക് ഗണ്യമായ വരുമാന വർദ്ധനവ് ഉണ്ടായി.

ആയതുപോലെ കുടുംബശ്രീയുടെ സേവന മേഖലയിലുള്ള സംരംഭങ്ങളായ കാന്റീൻ-കാറ്ററിംഗ്, പ്രിന്റിംഗ്, ഹൗസ് കീപ്പിംഗ്, ഗാർഡനിംഗ് യൂണിറ്റുകൾക്കും ഉല്പാദന മേഖലയിൽ കുട, ബാഗുകൾ, പേപ്പർ പേന, നോട്ട് ബുക്ക്, ഫയൽ ബോർഡ്, പേപ്പർ കവർ, എൽ.ഇ.ഡി. ബൾബ്, കരകൗശല വസ്തുക്കൾ, സാനിറ്ററി നാപ്കിൻ, ലോഷൻ, സോപ്പ് എന്നിവ ഉല്പാദിപ്പിക്കുന്ന സംരംഭങ്ങൾക്കും സർക്കാർ-സർക്കാരിതര സ്ഥാപനങ്ങളിൽ മുൻഗണന ലഭിക്കുന്നതിന് കുടുംബശ്രീയെ ടെണ്ടർ പ്രക്രിയയിൽ നിന്നും ഒഴിവാക്കി തദ്ദേശ സ്വയംഭരണ വകുപ്പ് ഉത്തരവ് പുറപ്പെടുവിക്കുന്നതിന് ആവശ്യ മായ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ